(ബി) ആരെല്ലാമാണ് പരാതികൾ ഗവണ്മെൻറിൽ സമർപ്പിച്ചിട്ടുള്ളത് ;

(സി) അതിൻെറ ഫലമായി എന്തു നടപടി എടുത്തു ;

(ഡി) ഈ ഉദ്യോഗസ്ഥൻെറ പേരിൽ ഇപ്പോൾ വരേയ്ക്കും ആകെ എത്ര പരാതികൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ട്?

ഉത്തരം.

(എ) രണ്ട് (2) ഹർജ്ജികൾ ലഭിച്ചിട്ടുണ്ട് ;

(ബി) ടി രണ്ടു പരാതികളിൽ ഒന്ന് വെള്ളയൻ കുട്ടപ്പൻ എന്ന ഒരാളും, വേറെ ഒന്ന് ഒരു ഉപ്പുതറ ദേശവാസിയും ആണ് സമർപ്പിച്ചിട്ടുള്ളത്.

(സി) 1. വെള്ളയൻ കുട്ടപ്പൻ സമർപ്പിച്ച ഹർജിയെപ്പറ്റി 20-7-55-ൽ അന്വേഷണം നടത്തുവാൻ നിശ്ചയിച്ചിരുന്നു. പക്ഷേ, പരാതിക്കാരോ, സാക്ഷികളോ ഹാജരാകാത്തതിനാൽ അന്വേഷണം നടത്തിയില്ല. പരാതിക്കാരുടേയും, കക്ഷിവാളികളുടേയും സാന്നിദ്ധ്യത്തിൽ ഒരു അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്.

2. ഉപ്പുതറക്കാരൻെറ പരാതിഹർജിയിൽ യാതൊരു പരമാർത്ഥവും ഇല്ലെന്ന് അന്വേഷണം നടത്തിയതിൽ അറിയുന്നു.

(ഡി) മേൽപ്രസ്താവിച്ച രണ്ടുപരാതികൾ കിട്ടിയിട്ടുണ്ട്.

തമിഴ്നാട് പ്രക്ഷോഭണത്തെ തുടർന്ന് എടുത്തിട്ടുള്ള കേസ്.

94. [28] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തമിഴ്നാട് പ്രക്ഷോഭണത്തെ തുടർന്ന് എടുത്തിട്ടുള്ള കേസുകളെല്ലാം പിൻവലിച്ച് അതിലെ പ്രതികളെ വിട്ടയയ്ക്കുന്ന കാര്യം ഗവണ്മെൻറ് പരിശോധിക്കുമോ ?

ഉത്തരം.

തമിഴ്നാട് പ്രക്ഷോഭണം സംബന്ധിച്ചുള്ള കേസ്സുകളെല്ലാം പിൻവലിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഷിഫ്റ്റ മൂലം പിരിച്ചുവിടപ്പെട്ട അദ്ധ്യാപകന്മാർ.

95. [31] ശ്രീ. എം. എ. ആൻറണി. താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷിഫ്റ്റുമൂലം പിരിച്ചുവിടപ്പെട്ട പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാരിൽ ആരെയെങ്കിലും സർവ്വീസിൽ എടുക്കാതിരുന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ അങ്ങിനെയുള്ള എത്രപേർ ഉണ്ട് ;

(ബി) അവരെ ഉടൻതന്നെ സർവ്വീസിലേയ്ക്ക് എടുക്കുന്നതിന് വേണ്ടതു ചെയ്യുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly